6/01/2021

16/12/21

## സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
## തിരുവനന്തപുരം–695 001
Email: sic.ker@nic.in

ഹർജി നമ്പർ **AP 1191(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.10571/SIC-Gen4/2021**

**സന്നിഹിതൻ**
**ഡോ: വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2021 ഡിസംബർ 16**

ശ്രീ. കൃഷ്ണൻ വി.,
മാലംകോട്, കണ്ണനോട്,
കരിപ്പോട് പി.ഒ.,
പിൻ – 678 503.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സെക്രട്ടറി,
   കൊടുവായൂർ ഗ്രാമ പഞ്ചായത്ത്,
   പാലക്കാട് – 676 501.
2. അപ്പീൽ അധികാരി &
   പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,
   പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം,
   പാലക്കാട്.
3. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്,
   പാലക്കാട്.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 19.4.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 15.5.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 23.7.2021 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 18.8.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 6.9.2021 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 8.9.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 20.9.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 11.10.2021 |
| ഹിയറിംഗ് (ഓഡിയോ/വീഡിയോ) തീയതി | 14.12.2021 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി (ഓഡിയോ)<br>ഹാജരായി (ഓഡിയോ) |

## ഉത്തരവ്

ശ്രീ. കൃഷ്ണൻ വി., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമ പ്രകാരം സമർപ്പിച്ച അപേക്ഷയിൽ

ആവശ്യപ്പെട്ട രേഖകൾ ഒന്നാം എതിർകക്ഷിയിൽ നിന്നും ലഭ്യമാകാത്തതിനാൽ രണ്ടം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവ് ഒന്നാം എതിർകക്ഷിയോട് 10 ദിവസത്തിനകം വിവരം നൽകാനാണെന്നും എന്നാൽ ആയത് പാലിക്കപ്പെട്ടിട്ടില്ലെന്നും ആയതിനാൽ ഒന്നാം എതിർകക്ഷിയ്ക്കെതിരെ നടപടി സ്വീകരിക്കണമെന്നും ടിയാന്റെ അപേക്ഷയിന്മേൽ തീർപ്പ് ഉണ്ടാകണമെന്നുമാണ്..

2. 19.4.2021–ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ് :

i. കൊടുവായൂർ ഗ്രാമ പഞ്ചായത്തിൽ 14–ാം വാർഡ് തോട്ടംകുളമ്പ് (കണ്ണംങ്കോട്) കുടിവെള്ള പദ്ധതി ഏത് ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചു എന്നും, ഉത്ഘാടകൻ, തീയതി, വർഷം എന്നിവ നൽകണമെന്നും

ii. ഗുണഭോക്താക്കളുടെ എണ്ണം, കുടിവെള്ള കമ്മിറ്റി നിലവിൽ വന്നതു മുതൽ ഭാരവാഹികളുടെ പേര്, മേൽ വിലാസം, തെരഞ്ഞെടുക്കപ്പെട്ട തീയതികൾ, ഭാരവാഹികൾ, വരവുചെലവുകൾ, മിനിറ്റ്സിന്റെ കോപ്പി എന്നിവ നൽകണമെന്നും മറ്റുമായി 5 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 15.5.2021 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, അപേക്ഷയിലെ വിവരങ്ങൾ ലഭ്യമാകുന്നതിലേയ്ക്കായി തോട്ടംകുളമ്പ്–കണ്ണംങ്കോട് കുടിവെള്ള പദ്ധതി കൺവീനർ/ചെയർമാനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് രേഖാമൂലം അറിയിക്കുന്നതാണെന്നാണ്. തുടർന്ന് ടി അപേക്ഷയിന്മേൽ യാതൊരു മറുപടിയും ലഭ്യമാകാത്തതിനാൽ 23.7.2021 – ന് രണ്ടാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരൻ അപ്പീൽ അപേക്ഷ സമർപ്പിച്ചതായി കാണുന്നു. ടി അപ്പീൽ തീർപ്പാക്കി 18.8.2021 ന് പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെങ്കിലും വ്യക്തമായ വിവരങ്ങൾ നൽകിയിട്ടില്ലെന്ന് രേഖകൾ പരിശോധിച്ചതിൽ നിന്നും മനസിലാക്കുന്നു എന്നും ഹർജിക്കാരൻ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ ഓഫീസിൽ ലഭ്യമല്ലെങ്കിൽ ടി വിവരം ഹർജിക്കാരന് നൽകുന്നതിന് പകരം ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ കുടിവെള്ള പദ്ധതി കൺവീനർ/ചെയർമാനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് അറിയിക്കുന്നതാണെന്നുമുള്ള വിവരം നൽകിയത് അംഗീകരിക്കാവുന്ന–തല്ലെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ എസ്.പി.ഐ.ഒ 6.8.2021 തീയതിയിൽ ഹർജിക്കാരന് നൽകിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത വിവരങ്ങൾ പരിശോധിച്ചതിൽ നിന്നും 2 മുതൽ 5 വരെയുള്ള ചോദ്യങ്ങൾക്ക് എതിർകക്ഷി ഓഫീസുമായി ബന്ധപ്പെട്ട വിവരങ്ങൾ അല്ലാത്തതിനാൽ പ്രസ്തുത വിവരങ്ങൾ നൽകാൻ നിർവ്വാഹമില്ല എന്ന വിവരമാണ് നൽകിയിട്ടുള്ളതെന്ന് ബോധ്യപ്പെട്ടുവെന്നും അത്തരത്തിൽ വിവരം നൽകിയ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ നടപടി അംഗീകരിക്കാവുന്നതല്ലെന്നും മേൽ സാഹചര്യത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട 2 മുതൽ 5 വരെയുള്ള ചോദ്യങ്ങൾക്കുള്ള വിവരങ്ങൾ കുടിവെള്ള പദ്ധതി കൺവീനറിൽ നിന്നും ശേഖരിച്ച് ഹർജിക്കാരന് 10 ദിവസത്തിനകം നൽകേണ്ടതാണെന്ന് ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നുമാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് സ്റ്റേറ്റ് പബ്ലിക്

ഇൻഫർമേഷൻ ഓഫീസർ സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെങ്കിലും വ്യക്തമായ വിവരങ്ങൾ നൽകിയിട്ടില്ലെന്ന് രേഖകൾ പരിശോധിച്ചതിൽ നിന്നും മനസിലാക്കുന്നു എന്നും ഹർജിക്കാരൻ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ ഓഫീസിൽ ലഭ്യമല്ലെങ്കിൽ ടി വിവരം ഹർജിക്കാരന് നൽകുന്നതിന് പകരം ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ കുടിവെള്ള പദ്ധതി കൺവീനർ/ചെയർമാനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് അറിയിക്കുന്നതാണെന്നുമുള്ള വിവരം നൽകിയത് അംഗീകരിക്കാവുന്നതല്ലെന്നു ബോധ്യപ്പെട്ടു എന്നും ഹർജിക്കാരൻ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ എസ്.പി.ഐ.ഒ 6.8.2021 തീയതിയിൽ ഹർജിക്കാരന് നൽകിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത വിവരങ്ങൾ പരിശോധിച്ചതിൽ നിന്നും 2 മുതൽ 5 വരെയുള്ള ചോദ്യങ്ങൾക്ക് എതിർകക്ഷി ഓഫീസുമായി ബന്ധപ്പെട്ട വിവരങ്ങൾ അല്ലാത്തതിനാൽ പ്രസ്തുത വിവരങ്ങൾ നൽകാൻ നിർവ്വാഹമില്ല എന്ന വിവരമാണ് നൽകിയിട്ടുള്ളതെന്ന് ബോധ്യപ്പെട്ടുവെന്നും അത്തരത്തിൽ വിവരം നൽകിയ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ നടപടി അംഗീകരിക്കാവുന്നതല്ലാത്തതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട 2 മുതൽ 5 വരെയുള്ള ചോദ്യങ്ങൾക്കുള്ള വിവരങ്ങൾ കുടിവെള്ള പദ്ധതി കൺവീനറിൽ നിന്നും ശേഖരിച്ച് ഹർജിക്കാരന് 10 ദിവസത്തിനകം നൽകേണ്ടതാണെന്ന് എസ്.പി.ഐ.ഒ യ്ക്ക് നിർദ്ദേശം നൽകി അപ്പീൽ തീർപ്പാക്കിയിട്ടുള്ളതാണെന്നുമാണ്.

5. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, 19.4.2021-ന് ശ്രീ. കൃഷ്ണൻ വി., എന്നവർ ടി ഓഫീസിൽ വിവരാവകാശ നിയമ പ്രകാരം തോട്ടംകുളമ്പ് (കണ്ണംകോട്) കുടിവെള്ള പദ്ധതി നടത്തിപ്പ് ഗുണഭോക്തൃ സമിതിയുടെ നാളിതുവരെയുള്ള ഇടപാട് രേഖകൾ ആവശ്യപ്പെട്ടിരുന്നു എന്നും പ്രസ്തുത ഗുണഭോക്തൃ സമിതിയുടെ ഇടപാട് രേഖകൾ പഞ്ചായത്തിൽ ലഭ്യമല്ലാത്തതിനാൽ മേൽ വിവരങ്ങൾ പഞ്ചായത്തിൽ നൽകുന്നതിന് മേൽപ്പടി കുടിവെള്ള പദ്ധതിയുടെ കൺവീനർ പേർക്ക് 5.5.2021-ന് എ3/4205/21 നമ്പരായി ടി ഓഫീസിൽ നിന്നും കത്ത് നൽകുകയുണ്ടായി എന്നും ആ വിവരം 15.5.2021 തീയതി എ3/4205/21 നമ്പരായി ടി കാര്യാലയത്തിൽ നിന്നും അപേക്ഷകനെ അറിയിക്കുകയും ചെയ്തിട്ടുള്ളതാണെന്നും എന്നാൽ അപേക്ഷകൻ ഒന്നാം അപ്പീൽ അധികാരിയായ പാലക്കാട് ജില്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ അവർകൾക്ക് ഒന്നാം അപ്പീൽ നൽകുകയും ആ അപ്പീലിന് 9.8.2021-ന് എ3/4205/21 നമ്പരായി അപ്പീൽ അധികാരിക്ക് മറുപടി നൽകിയിട്ടുള്ളതാണെന്നും അതിന്റെ അടിസ്ഥാനത്തിൽ ഒന്നാം അപ്പീൽ അധികാരി 18.8.2021 തീയതി പി.എ2-462/2021 നമ്പരായി പുറപ്പെടുവിച്ച ഉത്തരവിൽ മേൽപ്പറഞ്ഞ വിവരങ്ങൾ ശേഖരിച്ച് 10 ദിവസത്തിനകം അപേക്ഷകന് നൽകുവാൻ നിർദ്ദേശിച്ച് അപ്പീൽ തീർപ്പാക്കിയിട്ടുള്ളതാണെന്നും അതിൻപ്രകാരം ടി ഓഫീസിൽ നിന്നും 26.8.2021 തീയതി രജിസ്റ്റേർഡ് തപാലിൽ കൺവീനർക്ക് വീണ്ടും പഞ്ചായത്തിൽ രേഖകൾ കൈമാറുന്നതിന് കത്ത് നൽകി എന്നും, ടി കത്ത് ശ്രീ. സ്വാമിനാഥൻ എന്നൊരാൾ കൈപ്പറ്റിയിട്ടുണ്ടെന്നും എന്നാൽ ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കുകയോ മറ്റെന്തെങ്കിലും മറുപടി നൽകുകയോ ഉണ്ടായിട്ടില്ലെന്നുമാണ്. കൂടാതെ പഞ്ചായത്തിന്റെ ഓഫീസ് ഓർഡർ നമ്പർ 6/2021 തീയതി 27.8.2021 പ്രകാരം പ്രസ്തുത കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട എന്തെങ്കിലും രേഖകൾ ഉണ്ടോ എന്ന് പരിശോധിച്ച് കണ്ടെത്തുന്നതിന് ജീവനക്കാർക്ക് ഉത്തരവ് നൽകുകയുണ്ടായി എന്നും ആയതിന് എല്ലാ ജീവനക്കാരും അവരവർ കൈകാര്യം ചെയ്യുന്ന സെക്ഷനുകളിൽ ഉപയോഗിക്കുന്ന മേശയും അലമാരയും സ്റ്റോർ റൂമുമടക്കം രേഖകൾ സൂക്ഷിക്കുന്ന മറ്റെല്ലാ സ്ഥലങ്ങളും പരിശോധിച്ചിട്ടും ഇതുമായി ബന്ധപ്പെട്ട യാതൊരു രേഖയും

കണ്ടെത്താൻ കഴിഞ്ഞില്ല എന്ന് റിപ്പോർട്ട് നൽകുകയുണ്ടായി എന്നും അതിന്റെ അടിസ്ഥാനത്തിൽ വിവരാവകാശ നിയമ പ്രകാരം സമർപ്പിച്ച അപേക്ഷയുമായി ബന്ധപ്പെട്ട രേഖകൾ ഒന്നും തന്നെ ടി ഓഫീസിൽ ഇല്ലെന്നും മേൽപ്പടി പദ്ധതി പ്രദേശത്ത് പോയി പരിശോധിച്ചതിൽ 2010 മുതൽ 2015 വരെയുള്ള കാലയളവിൽ കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ചതാണ് തോട്ടംകുളമ്പ് (കണ്ണംകോട്) കുടിവെള്ള പദ്ധതി എന്ന് അറിയാൻ കഴിഞ്ഞതിന്റെ അടിസ്ഥാനത്തിൽ മേൽപ്പടി വിവരവും അപേക്ഷകന് നൽകിയ മറുപടിയിൽ ഉൾപ്പെടുത്തി അറിയിക്കുകയും ചെയ്തിട്ടുണ്ടെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും കമ്മീഷൻ പരിശോധിച്ചതിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം ഒന്നാം എതിർകക്ഷി കാര്യാലയത്തിൽ ഉള്ളതായിരുന്നില്ല എന്നും 15.5.2021 ന് ഹർജിക്കാരന് നൽകിയ മറുപടിയിൽ വിവരങ്ങൾ ലഭ്യമാക്കാൻ തോട്ടംകുളമ്പ്-കണ്ണാംകോട് കുടിവെള്ള പദ്ധതി കൺവീനർ/ചെയർമാനോട് ആവശ്യപ്പെട്ടിട്ടുണ്ട് എന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് നൽകുന്നതാണെന്നുമുള്ള തെറ്റായ മറുപടിയാണ് ഹർജിക്കാരന് നൽകിയിരുന്നതെന്നും കാണുന്നു. ഇപ്രകാരം വിവരാവകാശ അപേക്ഷയ്ക്ക് തെറ്റായ മറുപടി നൽകുന്നത് വിവരാവകാശ നിയമം 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പു പ്രകാരം ശിക്ഷാർഹവുമാണ്. ആയതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയ്ക്കെതിരെ മേൽപ്പടി വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിലുള്ള വീഴ്ച സംബന്ധിച്ച് ടി എതിർകക്ഷി ഈ ഉത്തരവ് ലഭിച്ച് 15 ദിവസങ്ങൾക്കകം ടിയാന്റെ വിശദീകരണം കമ്മീഷൻ മുൻപാകെ ഹാജരാക്കേണ്ടതാണ്. ടി സമയ പരിധിയ്ക്കുള്ളിൽ യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടിയാന് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുൻപാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

7. ഒന്നാം അപ്പീൽ തീർപ്പിനെ തുടർന്ന് നിലവിലെ ഒന്നാം എതിർകക്ഷി ടി പദ്ധതി പ്രദേശത്ത് പോയി നേരിട്ട് പരിശോധിച്ചതിൽ 2010 മുതൽ 2015 വരെയുള്ള കാലയളവിൽ കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ചതാണ് ഹർജിക്കാരൻ വിവരം ആവശ്യപ്പെട്ട തോട്ടംകുളമ്പ്-കണ്ണംകോട് കുടിവെള്ള പദ്ധതി എന്നാണ് അറിയാൻ കഴിഞ്ഞതെന്നും ടി വിവരം അപേക്ഷകനെ അറിയിച്ചിട്ടുള്ളതായും കാണുന്നു.

8. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം ഒന്നാം എതിർക്ഷിയുടെ കൈവശമുള്ളതായിരുന്നില്ല എന്നും ആയത് പ്രാപ്യമാക്കാൻ നിലവിലെ ഒന്നാം എതിർകക്ഷി എല്ലാ ശ്രമങ്ങളും നടത്തിയിട്ടുള്ളതായും കമ്മീഷന് ബോധ്യമാകുന്നു. എന്നാൽ വിവരാവകാശ അപേക്ഷ ലഭിച്ചപ്പോൾ തന്നെ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷി ശരിയായ മറുപടി നൽകുവാൻ ശ്രമിച്ചിരുന്നുവെങ്കിൽ ഹർജിക്കാരന് കാലതാമസം വരാതെയും, അപ്പീലുകൾ സമർപ്പിക്കാതെയും വിവരം ലഭിക്കുമായിരുന്നു. ആയതിനാൽ ഇത്തരത്തിലുള്ള വീഴ്ചകൾ ഭാവിയിൽ സംഭവിക്കാതെ വിവരാവകാശ അപേക്ഷകൾ കൂടുതൽ ജാഗ്രതയോടെ കൈകാര്യം ചെയ്യണമെന്ന് ഒന്നും രണ്ടും എതിർകക്ഷികളോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

9. ഹർജിക്കാരൻ ടി വിഷയവുമായി ബന്ധപ്പെട്ട് കൊല്ലംങ്കോട് ബ്ലോക്ക് പഞ്ചായത്ത് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് വിവരാവകാശ അപേക്ഷ സമർപ്പിക്കുകയാണെങ്കിൽ ആയതിന്മേൽ സമയബന്ധിതമായി 3-ാം എതിർകക്ഷി മറുപടി ലഭ്യമാക്കേണ്ടതാണെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

10. മേൽ പ്രസ്താവിച്ച പ്രകാരം, ഈ അപ്പീൽ ഹർജി താത്ക്കാലികമായി തീർപ്പാക്കി ഇന്നേ ദിവസം 2021 ഡിസംബർ 16-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഒപ്പ്**

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk